



ആർ. ശിവകുമാർ
എ.ആർ. സ്മിതാ ശ്രേയസ്സ്

# മലയാളം - ഇംഗ്ലീഷ്
# ഔദ്യോഗികഭാഷാ നിഘണ്ടു

കേരളത്തിൽ ആദ്യമായി പ്രസിദ്ധീകരിക്കുന്ന ‘മലയാളം - ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാ നിഘണ്ടു’. ഭരണത്തിന്റെ വിവിധ തലങ്ങളിൽ പ്രയോഗിക്കുന്ന മലയാളപദങ്ങൾക്ക് വിവിധ സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന നിരവധി ഇംഗ്ലീഷ് രൂപങ്ങൾ ഇതിൽ നൽകിയിരിക്കുന്നു. കേരളത്തിലെ ഭരണഭാഷാവികസനം ആഗ്രഹിക്കുന്ന എല്ലാ സർക്കാർ ജീവനക്കാർക്കും അഭിഭാഷകർക്കും ഭാഷാസ്നേഹികൾക്കും ഉപയോഗപ്രദമായ വിശിഷ്ട ഗ്രന്ഥമാണിത്.

സിൽ: 3565
വില: ₹ 220/-

ISBN 978-81-7638-904-4

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

മലയാളം - ഇംഗ്ലീഷ് ഔദ്യോഗികഭാഷാ നിഘണ്ടു
ആർ. ശിവകുമാർ
എ.ആർ. സ്മിതാ ശ്രേയസ്സ്

138

മലയാളം - ഇംഗ്ലീഷ്
ഔദ്യോഗികഭാഷാ നിഘണ്ടു

ആർ. ശിവകുമാർ
എ.ആർ. സ്മിതാ ശ്രേയസ്സ്

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1929 138

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1929 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**MALAYALAM-ENGLISH**
**AUDYOGIKABHASHA NIKHANDU**

*by*
**R. Sivakumar, A.R. Smitha Sreyas**

First Published : December, 2013
Second Edition : March 2014
Third Edition : November 2014

*Reset at*
Beyond Publishers, Law College Junction,
Kunnukuzhy, Thiruvananthapuram - 35

*Printed at*
Mattathil Printers Pvt.Ltd.
Changanassery

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages Kerala 2013

Copies : 2000

SIL / 3565 ISBN 978-81-7638-904-4

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 220/-**

# മലയാളം - ഇംഗ്ലീഷ്
# ഔദ്യോഗികഭാഷാ നിഘണ്ടു

(പരിഷ്കരിച്ച മൂന്നാം പതിപ്പ്)

**ആർ. ശിവകുമാർ**
**എ.ആർ. സ്മിതാ ശ്രേയസ്സ്**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

**ആർ. ശിവകുമാർ**

1974 മേയ് 25ന് തിരുവനന്തപുരം ജില്ലയിൽ പേയാട് പിറയിൽ എൻ. രാഘവന്റെയും സി. പങ്കിയുടെയും മകനായി ജനിച്ചു. പേയാട് ഗവണ്മെന്റ് എൽ.പി. സ്കൂൾ, പേയാട് സെന്റ് സേവ്യേഴ്സ് ഹൈസ്ക്കൂൾ, തിരുവനന്തപുരം ഗവണ്മെന്റ് ആർട്സ് കോളെജ്, യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം, ഗവണ്മെന്റ് ലാ കോളെജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. കേരള സർവകലാശാലയിൽ നിന്നും നിയമബിരുദവും മലയാള സാഹിത്യത്തിൽ റാങ്കോടെ ബിരുദാനന്തര ബിരുദവും. റവന്യൂ വകുപ്പിൽ വില്ലേജാഫീസർ, റവന്യൂ ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ ഔദ്യോഗിക ഭാഷാ വകുപ്പിൽ ഭാഷാ വിദഗ്ധൻ.

ഇ-മെയിൽ : svkpuram@gmail.com
ഫോൺ: 8281472707

**എ.ആർ. സ്മിതാ ശ്രേയസ്സ്**

മാവേലിക്കര കാവിൽ വീട്ടിൽ കെ.ആർ. വിജയന്റെയും പി.ആർ. അംബികയുടെയും മകളായി ജനനം. എറണാകുളം ജില്ലയിൽ കച്ചേരിപ്പടി സെന്റ് ആന്റണീസ് സ്കൂൾ, സെന്റ് തെരേസാസ് കോളെജ്, എറണാകുളം മഹാരാജാസ് കോളെജ്, എറണാകുളം ഗവണ്മെന്റ് ലാ കോളെജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. നിയമബിരുദവും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും. അവതാരകയാണ്. ആകാശവാണി കൊച്ചി എഫ്.എം.ൽ കാഷ്വൽ അനൗൺസറായും 93.5 റെഡ് എഫ്.എം. കൊച്ചി കേന്ദ്രത്തിൽ റേഡിയോ ജോക്കിയായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സേവനമനുഷ്ഠിക്കുന്നു.

ഇ-മെയിൽ:
sreyassmitha@gmail.com

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | ഡോ. എം.ആർ. തമ്പാൻ |
| എഡിറ്റർ | : | എൻ. ജയകൃഷ്ണൻ |
| കവർ | : | ബിയോണ്ട് പബ്ലിഷേഴ്സ് |
| General Editor | : | Dr. M.R. Thampan |
| Editor | : | N. Jayakrishnan |
| Cover | : | Beyond Publishers |

# ആമുഖം

മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ച മലയാളം-ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാനിഘണ്ടുവിന് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. ഒരു വർഷം കൊണ്ട് പുസ്തകത്തിന്റെ ആയിരക്കണക്കിന് പ്രതികളാണ് വിറ്റഴിഞ്ഞത്. എന്നുവരികിലും ഈ മലയാളം - ഇംഗ്ലീഷ് ഔദ്യോഗികഭാഷാ നിഘണ്ടുവിൽ ചില അന്യഭാഷാപദങ്ങളെ മലയാള പദങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നത് ഉചിതമായോ എന്ന് ചിലർ ആരായുകയുണ്ടായി. ഇത് സംബന്ധിച്ച സംശയം ദൂരീകരിക്കുന്നതിനായി സർക്കാരിന്റെ പദസ്വീകാരനയം വിശദീകരിക്കേണ്ടതുണ്ട്.

കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാവകുപ്പ് സാങ്കേതികസംജ്ഞാമലയാളീകരണം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ, "മലയാളിക്ക് സുപരിചിതമായി കഴിഞ്ഞിട്ടുള്ള ഇംഗ്ലീഷ്രൂപം മാനകമലയാളലിപിയിൽ എഴുതിയാൽ അത് എല്ലാത്തരത്തിലും സാധുവായ തൽസമം തന്നെ എന്നംഗീകരിക്കുക" എന്നാണ് സൂചിപ്പിച്ചിരിക്കുന്നത് (പദകോശം സെപ്തംബർ 2005, പ്രസാധകർ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ). അതായത് ഡെപ്യൂട്ടി കളക്ടർ, അണ്ടർ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി തുടങ്ങിയ പ്രചുരപ്രചാരമായ അന്യഭാഷാപദങ്ങളെ മലയാളപദങ്ങളായി അംഗീകരിക്കണം എന്നു സാരം. ഒരുപക്ഷേ, മേൽപ്പറഞ്ഞ പദങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയാൽ സാധാരണക്കാരന് മനസ്സിലായെന്ന് വരില്ല, ശരിയായ ആശയസംവേദനം സാധ്യമാകണമെന്നുമില്ല. ആദാനപ്രദാനങ്ങളിലൂടെയാണ് ഭാഷ വളരുന്നത്. ഭരണഭാഷയും അതുപോലെതന്നെ. ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളം-ഇംഗ്ലീഷ് ഔദ്യോഗികഭാഷാനിഘണ്ടു തയാറാക്കിയിട്ടുള്ളത്.

കേരളത്തിലെ ഭരണഭാഷാ വ്യാപനത്തിന് സഹായകമായ ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച മൂന്നാം പതിപ്പ് ഞങ്ങൾ അഭിമാനപൂർവം പ്രസിദ്ധീകരിക്കുന്നു.

തിരുവനന്തപുരം
നവംബർ, 2014

ഡോ. എം.ആർ. തമ്പാൻ
എൻ. ജയകൃഷ്ണൻ

## ഒന്നാം പതിപ്പിന്റെ ആമുഖം

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയായിരിക്കണമെന്നതാണ് കേരളസർക്കാരിന്റെ പ്രഖ്യാപിത നയം. ഈ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിരവധി ഭരണഭാഷാ സഹായക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്/അന്യഭാഷാ പദങ്ങൾക്കും പ്രയോഗങ്ങൾക്കും മലയാള രൂപം സൂചിപ്പിക്കുന്ന ഗ്രന്ഥങ്ങളാണവയിലേറെയും. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് 'ഔദ്യോഗികഭാഷാ നിഘണ്ടു'വിലുള്ളത്.

കേരളത്തിലെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പഠനം നടത്താൻ കേരള സർക്കാർ 1957-ൽ നിയോഗിച്ച കോമാട്ടിൽ അച്യുതമേനോൻ കമ്മറ്റി, ഭരണഭാഷാ റിപ്പോർട്ടിനു പുറമേ ഒരു ഇംഗ്ലീഷ്-മലയാളം 'ഭരണശബ്ദകോശം' കൂടി തയാറാക്കുകയുണ്ടായി. കേരളത്തിലെ ആദ്യത്തെ ഭരണഭാഷാ റിപ്പോർട്ടിലെ ഭരണശബ്ദകോശത്തെപ്പറ്റിയുള്ള അഭിപ്രായം ശ്രദ്ധേയമാണ്. "ഇംഗ്ലീഷിലുള്ള വാചകങ്ങൾ പദാനുപദം തർജമ ചെയ്ത് ഔദ്യോഗികഭാഷ മലയാളമാക്കാമെന്ന ധാരണ നാം കൈവെടിയുക തന്നെ വേണം... സ്വന്തം ഭാഷയിൽ ചിന്തിച്ച് ആശയപ്രകടനം നടത്തുവാനുള്ള കഴിവിൽ മലയാളികൾ മറ്റാരുടെയും പിന്നിലുമല്ല.... ഭരണപരമായ എഴുത്തുകുത്തുകൾക്ക് ധാരാളമായി ഉപയോഗിച്ച് മലയാളഭാഷയ്ക്കും പ്രസ്തുത വിഷയങ്ങൾക്കും തമ്മിൽ ഒരു ഇണക്കമുണ്ടായി വാചകരീതിക്കും പദപ്രയോഗത്തിനും.. ഒരു ചിട്ട വന്ന് ഊർജസ്വലവും പ്രസന്നവുമായ ഒരു ഔദ്യോഗികഭാഷാശൈലി പ്രചാരത്തിൽ വന്നുകഴിഞ്ഞാൽ, മലയാള പദങ്ങൾക്കെതിരായി ഇംഗ്ലീഷ് വാക്കുകൾ കുറിച്ചിട്ടുള്ള പുതിയ ശബ്ദകോശം ഉണ്ടാക്കേണ്ടിവരും." കേരളത്തിലെ ഭരണഭാഷ പുരോഗതിയുടെ പാതയിലായതിനാൽ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയുടെ ഈ അഭിപ്രായത്തിന് ഇപ്പോൾ വളരെ പ്രസക്തിയുണ്ട്. അതുകൊണ്ടുതന്നെ കമ്മറ്റിയുടെ ഈ അഭിപ്രായം സാധൂകരിക്കുന്ന വിധത്തിൽ കേരളത്തിൽ ആദ്യമായി ഒരു 'മലയാളം - ഇംഗ്ലീഷ് ഔദ്യോഗികഭാഷാ നിഘണ്ടു' പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

കേന്ദ്രസർക്കാർ, അന്യസംസ്ഥാനങ്ങൾ തുടങ്ങിയവയുമായുള്ള കത്തിടപാടുകൾ ഇംഗ്ലീഷിലായിരിക്കണമെന്നതാണ് വ്യവസ്ഥ. മലയാളത്തിൽ നടപടി സ്വീകരിക്കുന്ന ഫയലുകളിലായാലും ഇപ്രകാരമുള്ള ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കേണ്ടതായിവരും. അതുകൊണ്ടുതന്നെ ഭരണരംഗത്തുപയോഗിക്കുന്ന മലയാള പദങ്ങളുടെ ഇംഗ്ലീഷ് രൂപം കണ്ടെത്തേണ്ട / അറിഞ്ഞിരിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. ഈ പശ്ചാത്തലത്തിലാണ് 'മലയാളം - ഇംഗ്ലീഷ് ഔദ്യോഗികഭാഷാ നിഘണ്ടു' പ്രസക്തമാകുന്നത്.

കേരളത്തിലെ ഭരണഭാഷാ വ്യാപനത്തിന് സഹായകമായ ഈ കൃതി, ഗ്രന്ഥകർത്താക്കളുടെ ആഗ്രഹപ്രകാരം കോമാട്ടിൽ അച്യുതമേനോന് സമർപ്പിച്ചുകൊണ്ട്, ഞങ്ങൾ അഭിമാനപൂർവം പ്രസിദ്ധീകരിക്കുന്നു.

**ഡോ. എം.ആർ. തമ്പാൻ**
**എൻ. ജയകൃഷ്ണൻ**

തിരുവനന്തപുരം
ഡിസംബർ, 2013

## അ

അകം inner region, inside, interior
അകത്തും പുറത്തും in and out
അകത്തേക്കുള്ള വഴി way in
അകത്തേക്കും പുറത്തേക്കും ingress and egress, way in and out, way in and exit
അകത്ത് in, inner region, inside, within
അകന്ന distant, alienated, remote
അകന്നുനിൽക്കുക keep distance, keep away, keep afar
അകപ്പെടുത്തുക entrap, to entangle, ensnare, trap
അകപ്പെട്ടുപോയ stranded
അകമ്പടി escort
അകമ്പടിക്കാരൻ attendant, bodyguard
അകമ്പടിസേവിക്കുക accompany, escort
അകർത്തൃകം authorless
അകലം space, distance
അകലെയുള്ള farthest, far
അകസാമാനങ്ങൾ furniture, household goods
അകറ്റി നിറുത്തുക keep at a distance
അകാരണമായി for no reason at all, without any reason
അകാരാദി lexicon, dictionary
അകാരാദിക്രമം alphabetical order
അകാരാദിമുറ alpha system
അകാലം untimely, premature, ill-timed
അകാല ചരമം untimely death, premature death
അകാല ജനനം premature birth
അകാലത്തീർപ്പ് premature disposal
അകാലമരണം/മൃത്യു untimely death, premature death
അകാലികമായ inopportune, untimely
അകീർത്തി defame, infamy, notoriety, ill-fame, ill-repute
അകൃതകവും ശൂന്യവും null and void
അകൃത്രിമം real, natural, not artificial, genuine, authentic
അക്കം figure, number, numeral
അക്കമിട്ടുചേർക്കുക enumerate
അക്കാദമി academy
അക്കാദമിക് കൗൺസിൽ academic council
അക്കാരണത്താൽ in that respect, on that score, for that reason
അക്കോമഡേഷൻ ഓഫീസർ accommodation officer
അക്കൗണ്ടന്റ് accountant, keeper of accounts, account keeper
അക്കൗണ്ടന്റ് ജനറൽ accountant general
അക്കൗണ്ടിങ് യൂണിറ്റ് accounting unit
അക്കൗണ്ടു വിവരം account statement
അക്കൗണ്ട് account
അക്കൗണ്ട് കോഡ് account code
അക്കൗണ്ട് തുടങ്ങുക open an account
അക്കൗണ്ട് ശീർഷകം head of account
അക്കൗണ്ട്സ് ഓഫീസർ accounts officer
അക്കൗണ്ട്സ് ബ്രാഞ്ച് accounts branch